**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1615** **11-09-2023 - ൽ മറുപടിയ്ക്ക്**

**ബാലുശ്ശേരി മണ്ഡലത്തിലെ ഒരങ്കോക്കുന്ന് കോളനിയിൽ ഭൂമിയില്ലാത്തവർക്ക് ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ബാലുശ്ശേരി മണ്ഡലത്തിലെ കാന്തലാട് വില്ലേജിലെ ഒരങ്കോക്കുന്ന് കോളനിയിൽ വേറെ ഭൂമിയില്ലാത്തവർക്ക് പാറ പുറംപോക്ക് ഭൂമി പതിച്ചു കൊടുക്കുന്നതിൽ കാലതാമസം വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത കോളനിയിൽ താമസിക്കുന്നവർക്ക് ലൈഫ് മിഷൻ പദ്ധതിയിൽ വീട് ലഭിച്ചിട്ടും ഭൂമി ലഭിക്കാത്തത് കാരണം വീട് വയ്ക്കാൻ കഴിയാത്ത പ്രതിസന്ധി പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കാമോ? | (ബി) | പാറപുറമ്പോക്ക് പതിവിന് വിധേയമല്ലാത്തതിനാൽ ബാലുശ്ശേരി മണ്ഡലത്തിലെ കാന്തലാട് വില്ലേജിലെ ഒരങ്കൊക്കുന്നു കോളനിയിൽ താമസിക്കുന്നവരുടെ പാറഒഴികെയുള്ള ഭൂമി അളന്ന് തിരിച്ച് ഇനം മാറ്റി ഭൂമി പതിച്ചു കൊടുക്കുന്നത് സംബന്ധിച്ച വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് കോഴിക്കോട് ജില്ലാ കലക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ജില്ലാ കളക്ടറിൽ നിന്നും ലഭ്യമാക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ